<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 341 28/10/2019-ൽ മറുപടിയ്ക്ക്**

# കുട്ടികൾക്കെതിരായ അതിക്രമങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി.കെ. ശശി | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് വനിതാ-ശിശു വികസന വകുപ്പ് എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്കൂളുകൾ മുഖാന്തിരം 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി)' പദ്ധതി, ഉത്തരവാദിത്തപൂർണ്ണമായ രക്ഷാകർത്തൃത്വത്തെക്കുറിച്ച് രക്ഷിതാക്കളെ ബോധ വൽക്കരിക്കുന്നതിന് 'കരുതൽസ്പർശം' പദ്ധതി, നിയമവുമായി പൊരുത്ത പ്പെടാത്ത കുട്ടികൾക്ക് ആവശ്യമായ സൈക്കോ സോഷ്യൽ ഇടപെടൽ നടത്തി അവരെ വീണ്ടും സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനായി 'കാവൽ' പദ്ധതി, ബാലവേല, ബാലഭിക്ഷാടനം എന്നിവ തടയുന്ന തിനായി 'ശരണബാല്യം' പദ്ധതി തുടങ്ങിയവ വനിതാ ശിശു വികസന വകുപ്പിന്റെ ഭാഗമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ